**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2007** **09-12-2022 - ൽ മറുപടിയ്ക്ക്**

**കേരള സർവകലാശാലയിൽ ബിരുദാനന്തര കോഴ്സിന് പ്രൈവറ്റ് രജിസ്ട്രേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേരള സർവകലാശാലയിൽ ബിരുദാനന്തര ബിരുദ കോഴ്സിന് പ്രൈവറ്റ് രജിസ്ട്രേഷൻ അനുവദിക്കുന്നതിന് തടസ്സം എന്താണെന്നറിയിക്കുമോ; | (എ) | 21.07.2001 ന് നടന്ന സർവകലാശാലാ സിന്റിക്കേറ്റ് യോഗത്തിന്റെയും 2001 നവംബർ മാസം 6, 7 തീയതികളിൽ നടന്ന സർവകലാശാലാ അക്കാദമിക് കൗൺസിലിന്റെയും തീരുമാനത്തെ തുടർന്ന് PG കോഴ്സുകളുടെ പ്രൈവറ്റ് രജിസ്ട്രേഷൻ 2002 - 2003 അധ്യയന വർഷം മുതൽ നിർത്തലാക്കുകയും പ്രസ്തുത കോഴ്സുകൾ വിദൂര വിദ്യാഭ്യാസം മുഖേന അനുവദിക്കുകയും ചെയ്തിരുന്നു.<br><br>2015 - '16 കാലയളവിൽ വിദൂര വിദ്യാഭ്യാസത്തിനുള്ള അംഗീകാരം UGC നിർത്തലാക്കിയതിനെ തുടർന്ന് 14 PG കോഴ്സുകളുടെ പ്രൈവറ്റ് രജിസ്ട്രേഷൻ പുനരാരംഭിക്കുകയും 2017 - '18 കാലയളവിൽ വിദൂര വിദ്യാഭ്യാസ കോഴ്സുകൾ നടത്തുന്നതിന് UGC യുടെ അംഗീകാരം ലഭിച്ചതിനെ തുടർന്ന് PG കോഴ്സുകളുടെ പ്രൈവറ്റ് രജിസ്ട്രേഷൻ പ്രസ്തുത അധ്യയന വർഷം മുതൽ നിർത്തലാക്കുകയും ചെയ്തു. |
| (ബി) | നടപ്പ് വർഷം എം.ജി. സർവകലാശാല പ്രൈവറ്റ് പഠനം ആരംഭിച്ചിരിക്കുന്ന സാഹചര്യത്തിൽ കേരള സർവകലാശാല പ്രൈവറ്റ് സമാന്തര കോഴ്സ് ആരംഭിക്കാതിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കുമോ? | (ബി) | കേരള സർവകലാശാലയിൽ പ്രൈവറ്റ് രജിസ്ട്രേഷൻ പുനഃരാരംഭിക്കുന്നത് സംബന്ധിച്ച് ബഹു: കേരള ഹൈ കോടതിയിൽ WP(C) No. 32993/ 2022 എന്ന കേസ് നിലവിലുള്ളതിനാൽ പ്രസ്തുത കേസിലെ അന്തിമ വിധിക്ക് വിധേയമായി മാത്രമേ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ